സാമ്പത്തികവർഷാവസാനം ഇതിൽ അവശേഷിക്കുന്ന തുക കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് കമ്പനീസ് ആക്ടിന്റെ പരിധിയിൽ വരാത്തതിനാൽ ഓതറൈസ്ഡ് ക്യാപിറ്റൽ, പെയ്ഡ് അപ് ക്യാപിറ്റൽ എന്നിവ ബാധകമല്ല. 1999-ലെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ട് പ്രകാരം 11-11-1999-ൽ ആണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് രൂപീകൃതമായത്. സംസ്ഥാനത്തിന്റെ പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ആവശ്യമായ നിക്ഷേപം സ്വരൂപിക്കുക എന്നതാണ് ഇതിന്റെ പ്രവർത്തനലക്ഷ്യം. നിലവിലെ ഘടനപ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുമരാമത്ത്), സെക്രട്ടറി (ഇറിഗേഷൻ), സെക്രട്ടറി (പ്ലാനിംഗ്), സെക്രട്ടറി (റവന്യൂ), സെക്രട്ടറി (ഫിനാൻസ് റിസോഴ്സസ്) എന്നിവരും വികസന ബാങ്കിംഗ് മേഖലകളിൽ വൈദഗ്ധ്യമുള്ള രണ്ടുപേരും അംഗങ്ങളായിട്ടുള്ള ബോർഡാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നത്. സെക്രട്ടറി (ഫിനാൻസ് റിസോഴ്സസ്) ഇതിന്റെ ഫണ്ട് മാനേജരായും പ്രവർത്തിക്കുന്നു.

(സി) മൂന്ന് ബോണ്ട് സീരീസുകളിലൂടെ 1999-2003 കാലയളവിൽ 1023.71 കോടി രൂപ ബോർഡ് സമാഹരിച്ചിരുന്നു. ടി തുക നിക്ഷേപകർക്ക് തിരികെ നൽകിയിട്ടുണ്ട്. ടി ബോണ്ടുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകിയിട്ടുണ്ട്.

(ഡി) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ കീഴിൽ നിലവിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഒന്നും നേരിട്ട് നടപ്പിലാക്കുന്നില്ല. എന്നാൽ ഇപ്പോൾ നടന്നുവരുന്നതോ സമീപഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതോ ആയ വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ രണ്ടാം ഘട്ടം, തിരുവനന്തപുരവും കോഴിക്കോടും ലൈറ്റ് മെട്രോ, തിരുവനന്തപുരം-ചെങ്ങന്നൂർ അതിവേഗ റെയിൽ ഇടനാഴി, വൈറ്റില മൊബിലിറ്റി ഹബ് രണ്ടാം ഘട്ടം മുതലായ പദ്ധതികൾക്കാവശ്യമായ ഫണ്ട് സമാഹരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

(ഇ) ഇപ്പോൾ നടന്നുവരുന്ന പ്രാരംഭ നടപടികൾ പൂർത്തിയാക്കിയതിനു ശേഷമേ ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുകയുള്ളൂ.

പ്രീ-ബഡ്ജറ്റ് ചർച്ചകൾ

124 (96) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 2016-17 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിന് രൂപം നൽകുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി നേരിട്ട് നടത്തിയ പ്രീ-ബഡ്ജറ്റ് ചർച്ചകൾ ഏതൊക്കെയാണ്;

(ബി) ഏതെല്ലാം സംഘടനകളും വ്യക്തികളുമായി മുഖ്യമന്ത്രി നേരിട്ട് ചർച്ച നടത്തുകയുണ്ടായിട്ടുണ്ട്;

(സി) ബഡ്ജറ്റിൽ പരിഗണിക്കുന്നതിലേക്ക് എത്ര നിർദ്ദേശങ്ങൾ രേഖാമൂലം ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) 29-1-2016-ൽ നടന്ന പ്രീ-ബഡ്ജറ്റ് സമ്മേളനത്തിൽ വാണിജ്യ-വ്യവസായ ടൂറിസം നികുതി മേഖലയിലെ വിവിധ പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ചർച്ച ചെയ്യുകയുണ്ടായി. വിവിധ സംഘടനകളെയും പ്രസ്ഥാനങ്ങളെയും പ്രതിനിധീകരിച്ച് മുപ്പതോളം വ്യക്തികൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

(സി) പതിനൊന്ന് സംഘടനകളിൽ നിന്നും ധനകാര്യ വിദഗ്ധരിൽ നിന്നുമായി നാൽപ്പതിലധികം നിർദ്ദേശങ്ങൾ രേഖാമൂലം ലഭിക്കുകയുണ്ടായി.

വിദേശ വായ്പ

125 (97) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം വിവിധ വകുപ്പുകളിലെ ഏതെല്ലാം പദ്ധതികൾക്ക് വിദേശ വായ്പ ലഭ്യമായിട്ടുണ്ട്; ഓരോ പദ്ധതിയുടേയും വിശദാംശങ്ങളും ലഭ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കാമോ;

(ബി) പുതിയ ഏതെല്ലാം പദ്ധതികൾക്ക് വിദേശ ഫണ്ടിംഗ് ഏജൻസികളുമായി ധനസഹായത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്; പദ്ധതികളുടെ വിശദാംശങ്ങളും ആവശ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കാമോ;

(സി) പുതുതായി വിദേശ സഹായം വാങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാം; ആയതിന് സ്വീകരിച്ച് വരുന്ന തുടർനടപടികൾ എന്തെല്ലാം വ്യക്തമാക്കാമോ?

GPM. 2/237/2020-80

LIBRARY ARCHIVES Kerala Legislative Assembly